മായ അണ്വ–നിരായുധീകരണത്തിലേക്കുള്ള മൂർത്തമായ ഒരു പ്രധാന കാൽവെപ്പായിരിക്കും ഈ ഉടമ്പടി.

'അണ്വായുധ നിർമുക്തവും അക്രമരഹിതവുമായ ഒരു ലോകം പടുത്തുയർത്തുന്നതിനു സമാധാനം, പരസ്പരബഹുമാനം, സഹിഷ്ണുത എന്നിവ ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസം ജനതകൾക്കും രാഷ്ട്രങ്ങൾക്കും നൽകുകയും, വീക്ഷണഗതികളിൽ വിപ്ലവകരമായ ഒരു മാററം വരുത്തുകയും ചെയ്യേണ്ടതു് ആവശ്യമാണ്. യുദ്ധത്തിനും വിദ്വേഷത്തിനും അക്രമത്തിനും അനുകൂലമായ പ്രചാരവേല നിരോധിക്കണം; മററു രാഷ്ട്രങ്ങളെയും ജനതകളെയും ശത്രുതയോടെ കാണാതിരിക്കണം.

'ആഗോളപ്രശ്നങ്ങൾ കുമിഞ്ഞുകൂടി അധികം ദ്രോഹകരങ്ങളായി വളരാതെനോക്കുന്നതാണു വിവേകം. അവ ഇന്നു പരിഹരിക്കാതിരുന്നാൽ നാളെ അവ പരിഹരിക്കാൻ കൂടുതൽ വലിയ ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടതായിവരും.

'മനുഷ്യവർഗത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആപത്തു് അതിഭീമമാണ്. എന്നാലും, ദുരന്തം ഒഴിവാക്കാനും അണ്വായുധനിർമുക്തമായ ഒരു നാഗരികതയിലേക്കുള്ള വഴി ഒരുക്കാനും മനുഷ്യവർഗത്തിനു കഴിവുണ്ട്. ചേരിചേരാ രാഷ്ട്രങ്ങളുടെ പരിശ്രമങ്ങൾ, സമാധാനത്തിനും നിരായുധീകരണത്തിനുംവേണ്ടി അഞ്ചു വൻകരകളിലെ ആറു രാഷ്ട്രങ്ങൾ ചേർന്നു് എടുത്ത മുൻകൈ, സമാധാനം കാംക്ഷിക്കുന്ന രാഷ്ട്രങ്ങളും രാഷ്ട്രീയകക്ഷികളും പൊതുസംഘടനകളും എന്നിവയെല്ലാമടങ്ങുന്ന സമാധാന–ഐക്യശക്തികളുടെ ഏറിവരുന്ന കരുത്തു് നമുക്കു് ആശയും ശുഭാപ്തിവിശ്വാസവും നൽകുന്നു. നിർണ്ണായകമായ അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിനുള്ള സമയം ഇതാണ്.'

ഈ പ്രഖ്യാപനം പലതവണ മനസ്സിരുത്തി വായിക്കുവാനും അതിനെപ്പററി സുഹൃത്തുക്കളുമായി വിശദചർച്ചകൾ നടത്താനും ഞാൻ അഭ്യർത്ഥിക്കുന്നു. നിരാശത പുകഞ്ഞു് ഇരുണ്ട ഹൃദയത്തിൽ ശുദ്ധവായുവും പുലർവെളിച്ചവും പരക്കുന്ന പ്രതീതിയാണ് ഈ പ്രഖ്യാപനം വായിച്ചപ്പോൾ എനിക്കുണ്ടായതു്.

(30 നവംബർ, 1986)

# 33. ഏഷ്യാഡിൽ ഇന്ത്യ

ഇന്ത്യയെന്ന രാഷ്ട്രത്തിന്റെ നിലനില്പു് എന്തിനെ ആശ്രയിച്ചാണ്? ഇന്ത്യയ്ക്കകത്തു ജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധി, ജീവനും സ്വത്തിനുമുള്ള രക്ഷ, ജനാധിപത്യസ്വാതന്ത്ര്യം, സാംസ്കാരികപുരോഗതി, രാഷ്ട്രത്തോടു് പൗരന്മാർക്കുള്ള കൂറു് മുതലായ ഘടകങ്ങൾ, ആഭ്യന്തരകലഹങ്ങളിൽ തകർന്നുപോകാതെ ഇന്ത്യയുടെ അഖണ്ഡത പുലർത്തുന്നതിനു് ഒഴിച്ചുകൂടാത്തവയാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാവില്ല.

ഇവയ്ക്കു പുറമേ, മററു രാഷ്ട്രങ്ങൾക്കു് ഇന്ത്യയോടുള്ള മതിപ്പും ഇന്ത്യയുടെ സമാധാനപരമായ പുരോഗതിക്കെന്നപോലെ നിലനില്പിനുകൂടിയും അനുപേക്ഷണീയമാകുന്നു. നമ്മുടെ കാർഷിക–വ്യാവസായിക പുരോഗതിയെപ്പററി ഉത്തമബോധ്യമില്ലാത്ത രാജ്യങ്ങളിൽ എങ്ങനെയാണു് നമ്മുടെ ചരക്കുകൾ വിററഴിക്കുക? ഇന്ത്യക്കാരുടെ വിദ്യാഭ്യാസ–സാംസ്കാരികനിലവാരത്തെപ്പററി മറുനാട്ടുകാർക്കു് നല്ല അഭിപ്രായമുണ്ടെങ്കിൽ മാത്രമല്ലേ വിദേശങ്ങളിൽ നമ്മുടെ യുവജനങ്ങൾക്കു ജോലി

സാദ്ധ്യതയുള്ള? എല്ലാ വിധത്തിലും മുന്നേറിക്കൊണ്ടിരിക്കുന്ന ഒരാധുനികരാഷ്ട്രമാണ് ഇന്ത്യയെന്ന ധാരണ ലോകരാഷ്ട്രവൃത്തങ്ങളിൽ ഉളവാക്കാൻ കഴിയാത്തപക്ഷം, അകന്നും അടുത്തുമുള്ള ശത്രുക്കളുടെ ഭീഷണികളും ദ്രോഹങ്ങളും നമുക്ക് എന്നും സഹിച്ചുകൊണ്ടിരിക്കേണ്ടിവരും. ദുർബലങ്ങളും ബലിഷ്ഠങ്ങളുമായ രാഷ്ട്രങ്ങരം തമ്മിൽ സ്വാമി–ഭൃത്യ ബന്ധമല്ലാതെ സുഹൃദ്ബന്ധം ഉണ്ടാവുക സാദ്ധ്യമല്ല. അഗതികളായ വ്യക്തികളോട് അനുകമ്പയുള്ള വ്യക്തികരം ഉണ്ടാവാം; അഗതികളായ രാഷ്ട്രങ്ങളെ നിരുപാധികമായി സഹായിക്കാൻ ഒരു രാഷ്ട്രവും മുന്നോട്ടു വരികയില്ല. രാഷ്ട്രതന്ത്രത്തിൽ സ്വാർത്ഥം മാത്രമാകുന്നു നിർണായകമായ വികാരം. സ്വാർത്ഥത്തിന്റെ പ്രേരണകൊണ്ടല്ലാതെ, സഹാനുഭൂതിയുടെ പ്രേരണ നിമിത്തം ഒരു രാഷ്ട്രവും മറെറാരു രാഷ്ട്രത്തെ സഹായിച്ചിട്ടില്ല, സഹായിക്കുകയുമില്ല. രാഷ്ട്രങ്ങളുടെ സദ്യയിൽ വീട്ടുചോറുള്ളവർക്കേ വിരുന്നുചോറുള്ളു.

ഒരു രാഷ്ട്രത്തെപ്പററി മററു രാഷ്ട്രങ്ങരംക്കു മതിപ്പുണ്ടാക്കുന്നതിനു മുഖ്യഘടകം സൈനികശക്തിയായിരുന്നു പണ്ട്. ഇന്ന് ആ സ്ഥിതി മെല്ലെ മാറിക്കൊണ്ടിരിക്കുകയാണ്. സാങ്കേതിക–വ്യാവസായികപുരോഗതി കൊണ്ടാണ്, സൈനികശക്തികൊണ്ടല്ല, ജപ്പാനും ജർമനിയും ഇന്നു ലോകരാഷ്ട്രങ്ങളുടെ ആദരവിനു പാത്രമായിട്ടുള്ളത്. ജനജീവിതം കൂടുതൽ സമ്പന്നമായിവരുന്ന തോതിന്, സാംസ്കാരിക കാര്യങ്ങളിൽ എല്ലാ രാജ്യങ്ങളിലുമുള്ള ജനങ്ങരംക്ക് താല്പര്യം വർദ്ധിക്കുകയെന്നതു സ്വാഭാവികമാകുന്നു. 'സംസ്കാരം' എന്നതിൽ കായികസംസ്കാരവും അന്തർഭവിക്കുന്നു. സമ്പന്നരാജ്യങ്ങളിൽ ജനങ്ങരംക്കു കളികളിലും കായികസാമർത്ഥ്യപ്രകടനങ്ങളിലും അങ്ങേയററത്തെ ഭ്രമമായിരിക്കും. ഈ രാജ്യങ്ങളിലെ ജനങ്ങളിൽ വളരെ വലിയ ഒരു വിഭാഗം സ്പോർട്സ് താരങ്ങളെ അന്ധമായി ആരാധിക്കുന്നവരാകുന്നു. കളിക്കളത്തിൽ ഒരു ടീം നേടുന്ന വിജയം, ആ ടീം ഉരംപ്പെട്ട രാഷ്ട്രം ഒരു യുദ്ധരംഗത്തിൽ നേടുന്ന വിജയം പോലെതന്നെ, സുപ്രധാനമാണ്. ഒരു രാഷ്ട്രത്തെപ്പററി മററു രാജ്യങ്ങളിൽ മതിപ്പുളവാക്കുന്ന ഘടകങ്ങളിൽ മുഖ്യമായ ഒന്ന് ആ രാഷ്ട്രത്തിലെ പൗരന്മാർ കളികളിലും കായികസാമർത്ഥ്യപ്രകടനങ്ങളിലും പ്രദർശിപ്പിക്കുന്ന നൈപുണ്യംകൂടിയാണ്, പ്രത്യേകിച്ചും സമാധാനത്തിന്റെ കാലഘട്ടത്തിൽ. ഇതിനുപുറമേ, രാഷ്ട്രത്തിനകത്ത് ജനങ്ങളുടെ ഐക്യബോധവും ദേശാഭിമാനവും പുലർത്തുന്നതിലും സ്പോർട്സ് ഗണ്യമായ പങ്കു വഹിക്കുന്നുണ്ട്. മത–ജാതി–വർഗ–ഭാഷാ–പരിഗണനകളില്ലാതെ രാഷ്ട്രത്തിലെ എല്ലാ ജനങ്ങരംക്കും ഒത്തുചേരാവുന്ന ഒന്നാണ് കായിക സംസ്കാരരംഗം. ഒരു അന്താരാഷ്ട്രമത്സരത്തിൽ ഇന്ത്യയുടെ പ്രാതിനിധ്യം വഹിക്കുന്ന കളിക്കാരുടെ ഒരു സംഘം നേടുന്ന വിജയം ഇന്ത്യക്കാരുടെ മുഴുവൻ ഹൃദയങ്ങളിൽ ആഹ്ലാദം നിറയ്ക്കും. ജയിച്ച കളിക്കാരുടെ ജാതിയോ, മതമോ, ഭാഷയോ നോക്കിയല്ല, അവർ ഇന്ത്യക്കാരും നമ്മുടെയെല്ലാം ഉടപ്പിറപ്പുകളും ആണെന്ന വസ്തുതയെ മാത്രം ആസ്പദിച്ചാണ്, അവരുടെ വിജയത്തിൽ നാം ആഹ്ലാദിക്കുന്നത്. ജനതയുടെ വൈകാരികമായ ഉദ്ഗ്രഥനത്തിൽ കായികസംസ്കാരത്തിനുള്ള പരമപ്രധാന്യം എല്ലാ പരിഷ്കൃതരാഷ്ട്രങ്ങളും അംഗീകരിച്ചിട്ടുള്ളതാണ്.

സാമ്രാജ്യത്വത്തിന്റെ നുകത്തിനടിയിൽനിന്ന് വിമോചനം നേടുവാൻ പൊരുതിക്കൊണ്ടിരുന്ന കാലത്തുതന്നെ ഏഷ്യയുടെ നേതാക്കരം ഈ യാഥാർത്ഥ്യം കണ്ടറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ, ഇന്ത്യ സ്വാതന്ത്ര്യം നേടി ഏറെ കഴിയുന്നതിനുമുമ്പ്, 1947–ൽ ജവാഹർലാൽ നെഹ്റു മുൻകൈയെടുത്ത് ദില്ലിയിൽ വിളിച്ചുകൂട്ടിയ ഏഷ്യൻ റിലേഷൻസ്

കോൺഫറൻസ്, രാഷ്ട്രീയപ്രശ്നങ്ങൾക്ക നൽകിയ അതേ പ്രാധാന്യത്തോടെ ഒളിമ്പ്യാഡിന്റെ മാതൃകയിൽ 'ഏഷ്യാഡ്' സംഘടിപ്പിക്കുന്ന കാര്യവും ചർച്ചചെയ്തു. നാലു വർഷം കഴിഞ്ഞു് ആദ്യത്തെ ഏഷ്യാഡ് 1951—ൽ ദില്ലിയിൽ നടക്കുകയുംചെയ്തു.

മുപ്പത്തഞ്ചു വർഷങ്ങൾക്കുശേഷം, 1986 സെപ്തംബർ അവസാനവാരത്തിലും ഒക്ടോബർ ആദ്യവാരത്തിലുമായി, തെക്കൻ കൊറിയയിലെ സോൾ നഗരത്തിൽ നടന്ന പത്താം ഏഷ്യാഡ്, മററു പല രംഗങ്ങളിലുമെന്നപോലെ കായിക സംസ്കാരരംഗത്തിലും ഇന്ത്യയുടെ പുരോഗതി എത്രമാത്രം മന്ദവും നിരാശാജനകവുമാണെന്നു തെളിയിച്ചു. എഴുപത്തഞ്ചു കോടിയോളം ജനങ്ങളുള്ള നമ്മുടെ ഈ മഹാരാജ്യത്തെ നാലുകോടിയിൽത്താഴെ മാത്രം ജനങ്ങളുള്ളതും, രണ്ടാം മഹായുദ്ധത്തിൽ അമ്പേ തകർന്നുപോയിരുന്നതും, വിഭക്തവും, ആഭ്യന്തര യുദ്ധഭീഷണിയെ നേരിടുന്നതുമായ തെക്കൻകൊറിയ ബഹുദൂരം പിൻതള്ളിയെന്ന വസ്തുത ഇരിക്കട്ടെ. അയൽരാജ്യവുമായി ദീർഘകാലയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നതും, നാലുകോടിയിൽ അല്പം കൂടുതൽ മാത്രം ജനങ്ങളുള്ളതും, എണ്ണ ഒഴികെ മററു വിഭവങ്ങളിലെല്ലാം ദരിദ്രവും, പല രംഗങ്ങളിലും അവികസിതവുമായ ഇറാന്റെ പുറകിൽ മാത്രമേ വിജയവേദിയിൽ ഇന്ത്യക്കു നിലകൊള്ളാൻ കഴിഞ്ഞുള്ളു എന്ന വസ്തുത ഏതു ഭാരതീയ ദേശാഭിമാനിയുടെ ഹൃദയത്തെയാണു നോവിക്കാതിരിക്കുക? നാലു വർഷം മുമ്പ് ദില്ലിയിൽ ഒമ്പതാം ഏഷ്യാഡിൽ ഇന്ത്യക്കു കൈവന്ന നേട്ടങ്ങൾ തന്നെ സോളിൽ പകുതിയിൽ താഴെയായി ചുരുങ്ങുകയാണുണ്ടായതു്. ദില്ലിയിൽ പതിമ്മൂന്നു സ്വർണ്ണമെഡലുകൾ നേടിയ ഇന്ത്യക്കു സോളിൽ കിട്ടിയതു് അഞ്ചു സ്വർണ്ണമെഡലുകൾ മാത്രമാണ്. ദില്ലിയിൽ കിട്ടിയ പത്തൊമ്പതു വെള്ളിമെഡലുകൾക്കു പകരം, സോളിൽ ഒമ്പതു വെള്ളിമെഡലുകൾകൊണ്ടു് നമ്മുടെ രാജ്യത്തിനു തൃപ്തിപ്പെടേണ്ടിവന്നു. നമുക്കു ലഭിച്ച ഓട്ടുമെഡലുകളുടെ എണ്ണവും ദില്ലിയിലെ ഇരുപത്തഞ്ചിൽനിന്നു് സോളിൽ ഇരുപത്തിമൂന്നായി കുറഞ്ഞുപോയി. ഇതിനർത്ഥം ഇക്കഴിഞ്ഞ നാലു വർഷങ്ങളിൽ സ്പോർട്സ് രംഗത്തു് നാം ദയനീയമാംവിധം പിൻതള്ളപ്പെട്ടു എന്നാണ്. ജനസംഖ്യയിലും സൈനികബലത്തിലുമെന്നപോലെ കായികരംഗത്തും ഏഷ്യയിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്നതു് ചൈനയാണെന്നു് സോളിലെ ഏഷ്യാഡ് ഒരിക്കൽക്കൂടി തെളിയിച്ചുതന്നു. തൊണ്ണൂററിനാലു സ്വർണ്ണമെഡലുകളും എൺപത്തിരണ്ടു വെള്ളിമെഡലുകളും നാല്പത്തിയാറു് ഓട്ടുമെഡലുകളുമടക്കം ആകെ ഇരുനൂററിയിരുപത്തിരണ്ടു മെഡലുകൾ ചൈനീസ് കായികതാരങ്ങൾ തൂത്തുവാരിക്കൊണ്ടുപോയി. മുമ്പൊക്കെ കായികരംഗത്തു മികച്ചുനിന്ന ജപ്പാനെ പിൻതള്ളി കൊറിയ രണ്ടാം സ്ഥാനത്തു നിലയുറപ്പിച്ചതാണ് സോൾ ഏഷ്യാഡിലെ പ്രധാന സംഭവവികാസം. ജപ്പാനു് അമ്പത്തെട്ടു സ്വർണ്ണമെഡലുകൾ ലഭിച്ചപ്പോൾ കൊറിയക്കു കിട്ടിയതു് തൊണ്ണൂററിമൂന്നു സ്വർണ്ണമെഡലുകളാണ്—ചൈനക്കു കിട്ടിയതിനേക്കാൾ ഒന്നു മാത്രം കുറവ്. അതേസമയം വെള്ളി—ഓട്ട് മെഡലുകളുടെ കാര്യത്തിൽ ജപ്പാൻതന്നെ മുന്നിൽ നിന്നു. (വെള്ളി: ജപ്പാൻ 76, കൊറിയ 55; ഓട്: ജപ്പാൻ 77, കൊറിയ 76). ഏഷ്യാഡിലെ ആകെ സ്വർണ്ണമെഡലുകളിൽ തൊണ്ണൂറെറാന്നു ശതമാനവും, വെള്ളി മെഡലുകളിൽ എഴുപത്തൊമ്പതു ശതമാനവും, ഓട്ടുമെഡലുകളിൽ അറുപത്തിനാലു ശതമാനവും ചൈനയും കൊറിയയും ജപ്പാനും ചേർന്നു കൈയടക്കി.

വളരെ വിപുലമായ ഒരു സംഘത്തെയാണ് ഇന്ത്യ സോളിലേക്കു് അയച്ചിരുന്നതു്. മുന്നൂറെറൺപതാളുകൾ അടങ്ങിയ ഈ സംഘത്തെ തയ്യാറാക്കുന്നതിനും, സോളിൽ എത്തിക്കുന്നതിനും, അവിടെ പാർപ്പി

ക്കുന്നതിനുമായി നിസ്സാരമല്ലാത്ത ഒരു തുക ദരിദ്രമായ ഇന്ത്യ ചെലവഴിച്ചിരിക്കണം. എന്നിട്ടും, ഇന്ത്യൻ സംഘത്തിന്റെ തലവനായിരുന്ന മി. എ. കെ. മട്ട പ്രസ്താവിച്ചതുപോലെ, 'പരമദരിദ്രമായിരുന്നു നമ്മുടെ പ്രകടനം. മററു രാജ്യങ്ങൾ നേടിയ പുരോഗതിയുമായി ഒപ്പമെത്തുവാൻ നമുക്കു കഴിഞ്ഞിട്ടില്ലെന്നു തെളിഞ്ഞു. ഏഷ്യയിലെ മററു രാഷ്ട്രങ്ങൾ നമ്മെ കടന്നു് എത്രയോ മുന്നേറിയിരിക്കുന്നു. സോളിലെ പരാജയം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്.'

ഇന്ത്യയുടെ പരാജയം കേരളത്തിന്റെ വിജയമായിരുന്നു എന്നതു് വലിയൊരു വിരോധാഭാസമാകുന്നു. റയിൽവേയിൽ ചെറിയൊരു ജോലിനോക്കുന്ന, ഇരുപത്തിനാലുകാരിയായ, ഉഷ എന്ന ഗ്രാമീണ ബാലികയാണ് സോളിൽ ഇന്ത്യയുടെ അഭിമാനം തീരെ തകർന്നുപോകാതെ കാത്തതു്. സോളിൽ ഇന്ത്യയുടെ അഞ്ചു സ്വർണമെഡലുകളിൽ നാലും നേടിയ ഉഷയോടു് ഈ രാഷ്ട്രം കൃതജ്ഞമാകേണ്ടതാണ്.

ഏഷ്യൻ റിക്കാർഡുകളിൽ ചിലതെല്ലാം തിരുത്തിക്കുറിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ലോകറിക്കാഡുകളിലൊന്നും സോളിൽ തകർക്കപ്പെടുകയുണ്ടായില്ല. ഇതിനർത്ഥം, ലോക കായിക സംസ്കാരവേദിയിൽ ഏഷ്യ പൊതുവെ ഇപ്പോഴും പിന്നിലാണെന്നത്രെ. രണ്ടു വർഷം കഴിഞ്ഞു് 1988—ൽ സോളിൽ ഇതേ വേദിയിൽവെച്ചുതന്നെ നടക്കുന്ന ഒളിമ്പിക്സിൽ ഇന്ത്യയുടെ മാത്രമല്ല, ഏഷ്യയിലെ കായികസംസ്കാരരംഗത്തു് അധ്യക്ഷ്യരായി നിലകൊള്ളുന്ന ചൈനയുടെയും കൊറിയയുടെയും ജപ്പാന്റെയും കൂടി, സ്ഥാനം എവിടെയായിരിക്കുമെന്നു കണ്ടുതന്നെ അറിയണം.

രാഷ്ട്രീയകാരണങ്ങളാൽ വടക്കേ കൊറിയയും തെക്കേ കൊറിയയും പരസ്പരം കടുത്ത ശത്രുത പുലർത്തിവരികയാണ്. വടക്കൻ കൊറിയയും, അഫ്ഘാനിസ്ഥാൻ, വിയററ്നാം, ലാവോസ്, മംഗോളിയ, ദക്ഷിണ യെമൻ എന്നീ ഏഷ്യൻ കമ്യൂണിസ്റ്റ്‌രാഷ്ട്രങ്ങളും സോൾ ഏഷ്യാഡിൽ പങ്കെടുക്കുകയുണ്ടായില്ല. ഈ രാഷ്ട്രങ്ങളിൽ, വടക്കേ കൊറിയ ഒഴികെ മററു രാഷ്ട്രങ്ങൾ സന്നിഹിതരായിരുന്നുവെങ്കിൽത്തന്നെ ഇപ്പോഴത്തെ ഫലങ്ങളിൽ വലിയ മാററമൊന്നും വരുമായിരുന്നു എന്നു കരുതാൻ കാരണമില്ല. ആകെ ഇരുപത്തേഴ രാഷ്ട്രങ്ങളിൽനിന്നു് മൂവായിരത്തഞ്ഞൂറോളം കായികതാരങ്ങൾ സോൾ ഏഷ്യാഡിൽ സംബന്ധിക്കുകയുണ്ടായി. ഇവരിൽ എഴുപതോളം പേർ മുമ്പു് ഒളിമ്പ്യാഡുകളിൽ മെഡലുകൾ നേടിയവരായിരുന്നു.

സോളിൽ ഇന്ത്യ ഇത്രയും ദയനീയമായി പരാജയപ്പെടുവാൻ കാരണമെന്തു്? ഇന്ത്യയുടെ കായികതാരങ്ങളിൽ പലരും, മത്സരത്തിൽ പങ്കെടുക്കുംമുമ്പുതന്നെ എങ്ങനെ പുറത്തായി? ജനസംഖ്യയ്ക്കും വിസ്തൃതിക്കും ആനുപാതികമായ സ്ഥാനം ലോകകായികരംഗത്തു നേടുന്നതിനു് ഇന്ത്യ എന്തു ചെയ്യണം? ഈ കാര്യങ്ങളെപ്പററി വിപുലമായ ദേശീയചർച്ച ഇന്ത്യയിൽ നടക്കുമെന്നതിനു സംശയമില്ല. ഈ ചർച്ചയുടെ ഫലമായി, യാഥാർത്ഥ്യാധിഷ്ഠിതവും ഫലപ്രദവുമായ ഒരു ദേശീയ—സ്പോർട്സ് നയം ഉരുത്തിരിയുമോ എന്നു്, പക്ഷേ, കണ്ടറിയണം.

ഇന്ത്യൻ കായികരംഗത്തു നേതൃത്വം വഹിക്കുന്നതു് സ്പോർട്സ് തൊഴിലാക്കിയ 'പ്രൊഫെഷണലു'കൾ അല്ല; അതു് ഒഴിവുസമയ വിനോദമായെടുത്ത 'അമേച്വർ'മാർ ആണ് എന്നതാണ് ഇപ്പോൾ ഉയർന്നുകേൾക്കുന്ന ഒരു വിമർശനം. സ്പോർട്സിൽ 'പ്രൊഫെഷണലിസം' കൊണ്ടുവരുന്നതിനു്, വിദേശങ്ങളിലുള്ള പ്രശസ്തരായ കോച്ചുകളെ ഇന്ത്യയിൽ ക്ഷണിച്ചുവരുത്തി, നമ്മുടെ കായികതാരങ്ങൾക്കു് അവരുടെ കീഴിൽ പരിശീലനം നൽകുകയും, ഉപരിപരിശീലനത്തിനു് നമ്മുടെ കായികതാരങ്ങളെ മറുനാടുകളിലയയ്ക്കുകയും വേണമെന്ന നിർദേ

ശം ഇതിനകം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ നിർദേശത്തിൽ സ്വീകാര്യമായ ഒരംശം ഉണ്ടാവാം. പക്ഷേ, സോറം ഏഷ്യാഡിൽ ഏററവും മികച്ച കായികതാരമെന്ന ഖ്യാതി നേടിയ ഉഷയുടെ കോച്ച് ഒരു വിദേശീയാനുഭവവുമില്ലാത്ത ശ്രീ നമ്പ്യാർ ആണെന്ന വസ്തുത നാം മറന്നുകൂടാ. കോച്ചിൻെറ വിദേശീയ ബന്ധങ്ങളെക്കാറം പ്രാധാന്യം അർപ്പണബോധത്തോടെ നിരന്തരാഭ്യാസനം ചെയ്യുവാൻ കോച്ചിനുള്ള സന്നദ്ധതയ്ക്കു് നാം എന്നും വില നൽകുകതന്നെ വേണം.

സ്പോർട്സ് സൗകര്യങ്ങറം വർദ്ധിപ്പിക്കുന്നതിനു് ഇന്ത്യയിലെ കേന്ദ്ര—സംസ്ഥാനസർക്കാരുകറം ഏതാനും വർഷങ്ങളായി താല്പര്യം പ്രദർശിപ്പിച്ചുവരുന്നുണ്ടു്. എന്നാൽ, മഹാനഗരങ്ങളിൽ വമ്പിച്ച മുതൽമുടക്കോടെ മഴ കൊള്ളാത്ത (ഇൻഡോർ) സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും മററും നിർമിക്കുന്നതിലാണു് ഗവണ്മെൻറുകളുടെ ശ്രദ്ധ ഇപ്പോറം കേന്ദ്രീകരിച്ചിട്ടുള്ളതു്. ഇവയുടെ പ്രയോജനം എത്രപേർക്കു ലഭിക്കും? മറിച്ചു്, ജീവിതത്തിൻെറ മററു പല രംഗങ്ങളിലുമെന്നപോലെ സ്പോർട്സിലും താല്പര്യം വളർത്തേണ്ടതും പരിശീലനം നല്കേണ്ടതും, മുഖ്യമായും അടിസ്ഥാനതലത്തിലാണു്. 'ഓരോ പഞ്ചായത്തിലും ഓരോ ഫുട്ബോറംഗ്രൗണ്ട്'' എന്ന ആവശ്യം കേരളംപോലെയുള്ള ഒരു സ്റ്റേററിലെ സർക്കാർ എന്നാണു് ഗൗരവമായെടുക്കുക? ഓരോ സെക്കൻഡറി സ്കൂളിലും ഏതാനും കളികറംക്കുള്ള സൗകര്യമെങ്കിലും ഏതു കാലത്താണു് ഉണ്ടാവുക? നമ്മുടെ കോളേജുകളിൽ കായികസംസ്കരണത്തിനു് ഇപ്പോറംത്തന്നെ ലഭ്യമായ ഭൗതിക—മാനുഷികവിഭവങ്ങറം എന്നാണു നിഷ്കർഷയോടെ പരമാവധി ഉപയോഗിക്കപ്പെടുക?

മററു പല മണ്ഡലങ്ങളിലുമെന്നപോലെ, ഒരുപക്ഷേ, മററു പല മണ്ഡലങ്ങളിലുമുള്ളതിലേറെ, നിസ്തന്ദ്രവും സമർപ്പിതവും കഠിനവുമായ നിരന്തരാഭ്യാസനം സ്പോർട്സിൻെറ മണ്ഡലത്തിൽ വിജയത്തിനു് ആവശ്യമാണു്. അദ്ധ്യാപകരും വിദ്യാർത്ഥികളും ശിക്ഷകരും ശിക്ഷണീയരും തമ്മിൽ ഇത്രയേറെ സഹകരണം ആവശ്യമായ മറെറാരു ശിക്ഷണമണ്ഡലമില്ല. പരമാവധി അച്ചടക്കവും പലപ്പോഴും താപസനിർവിശേഷമായ സംയമവും കളിക്കാർക്കെന്നപോലെ കോച്ചുകറംക്കും ആവശ്യമാണു്. കളിച്ചു ജയിക്കാൻ ആഗ്രഹമുണ്ടെങ്കിലും, അതിനു് ഇളവില്ലാതെ നൽകേണ്ട അച്ചടക്കത്തിൻെറ വില കൊടുക്കാൻ എത്ര യുവജനങ്ങറം നമ്മുടെ നാട്ടിൽ തയ്യാറാവും? ഉഷ ചൂടിയ കിരീടം കാണുന്നവർ, ആ കിരീടത്തിനു താഴെയുള്ള പെൺകുട്ടി മുള്ള നിറഞ്ഞ പാതയിലൂടെ ദീർഘകാലം നടത്തിയ ക്ലേശപൂർണമായ തീർത്ഥയാത്രയുടെ ഏടുകറം മറിച്ചുനോക്കുവാൻകൂടി സന്നദ്ധരാവുമോ?

(8 ഒക്ടോബർ, 1986)

# 34. വിദ്യാലയങ്ങളിൽ ദേശീയഗാനം

'ജനഗണമന' എന്നു തുടങ്ങുന്ന ദേശീയഗാനം വിദ്യാലയങ്ങളിൽ ആലപിക്കുന്നതു നിർബന്ധിതമാക്കാൻ ആവശ്യമായ ഭേദഗതി കേരള വിദ്യാഭ്യാസനിയമത്തിൽ വരുത്തുമെന്നു് വിദ്യാഭ്യാസമന്ത്രി ശ്രീ ടി. എം. ജേക്കബ് തൃശ്ശൂരിൽവെച്ചു പ്രസ്താവിച്ചതായി 1986 സെപ്തംബർ 8—ാം തീയതിയിലെ 'മാതൃഭൂമി'പത്രത്തിൽ കാണുകയുണ്ടായി. 'ജനഗണമന' ചൊല്ലുന്നതു നിർബന്ധമാക്കിക്കൊണ്ടു വിദ്യാഭ്യാസ ഡയറക്ടർ വിദ്യാല